**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **30-07-2021 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാർക്ക് പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സാംസ്കാരിക വകുപ്പ് മുഖേന അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ ധനസഹായം/കലാകാരപെൻഷൻ അനുവദിച്ച് വരുന്നത് 11/08/2017ലെ സ.ഉ.(കൈ)നം.21/2017/സാം.കാ.വ. പ്രകാരമുള്ള ഉത്തരവിലെ മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിച്ചവരും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെ ഉള്ളവരും ആയ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാര പെൻഷന് വേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്ന മുറയ്ക്ക് ആയതിൽ ന്യൂനതകൾ ഉള്ള അപേക്ഷകരെ മാറ്റി നിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് തുടങ്ങുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ച് വരുന്നത്. |
| (ബി) | സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് കലാകാര പെൻഷന് അപേക്ഷിക്കാൻ കഴിയുമോ; | (ബി) | മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ/സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ പെൻഷനോ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കലാകാരപെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കില്ല. എന്നാൽ തനത് ഫണ്ടിൽ നിന്ന് പെൻഷൻ നൽകുന്ന |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും കലാകാരപെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. |
| (സി) | ഏത് തീയതി വരെ ലഭിച്ച അപേക്ഷകളിലാണ് തീരുമാനം എടുത്തതെന്ന് വ്യക്തമാക്കാമോ? | (സി) | കൃത്യമായ രേഖകൾ ഹാജരാക്കിയ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ചു കൊണ്ടുള്ള അവസാനത്തെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 22/02/2021ലാണ്. |

സെക്ഷൻ ഓഫീസർ